വിഷയം:- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംഹാരമോ, സർഗ്ഗാത്മകതയോ?

# നിർമ്മിത ബുദ്ധിയുടെ അതിർത്തിയും ആകാശവും

"സർഗ്ഗാത്മകതയില്ലെങ്കിൽ പുരോഗതിയില്ല"

-റെയ് കർവാക്യബു-

നിസംഗമായ സാമൂഹികവ്യവസ്ഥിതിയിൽ മനുഷ്യപരിണാമത്തിന്റെ നായ്‌വേരുകൾ പൊട്ടിക്കൊണ്ടിരിക്കുന്നു. [illegible] അരാജകത്വവും മാനവിക ശ്രേഷ്ഠ മൂല്യങ്ങളെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് ദശാബ്ദങ്ങളുടെ മുമ്പ് സഹാലെന്ത്രോപ്പസ് ചാഡൻസിസിൽ നിന്ന് പരിണാമം സംഭവിച്ച് ഹോമോസാപ്പിയൻസി-ലേക്ക് എത്തുമ്പോൾ ആവിഷ്കാരബുദ്ധിയും അടിസ്ഥാന സൗകര്യങ്ങളും പതിന്മടങ്ങായി മാറി. മാനുഷിക പൂർണ്ണതയിൽ മാനവൻ എത്തിപ്പിടിച്ച കയറ്റങ്ങൾ ഉയരമുള്ളതാണ്. പരിണാമഘട്ടങ്ങളിൽ ചക്രആവിഷ്കരണവും, തീ കണ്ടുപിടിത്തവും, ഭാഷയുടെ പ്രയോഗവും, ടെലിഫോൺ, മൊബൈൽ ഫോൺ തുടങ്ങിയവയുടെ കണ്ടുപിടിത്തവും മാനുഷികശ്രേഷ്ഠതയുടെ കടിഞ്ഞാണുകളാണ്. തുടർന്ന് 20-ാം നൂറ്റാണ്ടിന്റെ ആരംഭ-ത്തിലാണ് റോബോട്ടിക് സാങ്കേതികവിദ്യയുടെ ഉദയം. അപാരമായ 'സെക്ഷണൽ പ്രോഗ്രാം'-കളുടെ കണ്ടെത്തലുകൾക്ക് തുടക്കം കുറിക്കപ്പെട്ടത്. തുടർന്ന് നടന്ന കണ്ടുപിടിത്തങ്ങൾ റോബോട്ടിക്-സിന്റെയും, മെഷീൻ ലേർണിങ്ങിന്റെ അസാധാരണമായ സാധ്യതകൾ തുറന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

തുടർന്ന് 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' അഥവാ നിർമ്മിത ബുദ്ധിയുടെ ആവിർഭാവമാണ്. ജീവന്റെ സാധ്യതയിൽ ഉത്തുംഗം ക്വാണ്ടം മെക്കാനിക്സ് എന്നപോലെ വിപ്ലവാത്മകമായ മാറ്റം കണ്ടുപിടിത്തങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കൊണ്ടുവന്നു.

യഥാർഥത്തിൽ ഇന്നത്തെ ലോകം കടന്നുപോകുന്ന ഇടവഴികളിൽ വിഷച്ചീളുകൾ മുളച്ചിടുന്നു. ഓർമ്മകൾ കൊത്തിപ്പറന്നുപോകുന്ന ആനറാഞ്ചി പക്ഷികൾ നിറഞ്ഞ ആകാശത്തിന്റെ നിഴലിലാകുന്നു പുതിയലോകം. അവജ്ഞമായ കാര്യമാണ് നടക്കുന്നത്. 'ജോൺ മക്കാർത്തി' എന്ന വിഖ്യാത ശാസ്ത്രജ്ഞന്റെ ചിന്തകളിൽ ഉരുത്തിരിഞ്ഞതും ഇന്ന് ലോകമാകമാനം വ്യാപിച്ചിട്ടുള്ളതുമായ മായാന്തരിക കാര്യമാണ് നിർമ്മിത ബുദ്ധി. നിർമ്മിത ബുദ്ധിയുടെ ഏറ്റവും പരിഷ്കരണം സംഭവിച്ചതും അതീവമായ മാറ്റങ്ങളിലൂടെ ലോകത്തെ മാറ്റിമറിക്കാൻ പോകുന്നതുമാണ് 'മെഷീൻ ലേർണിങ്'. നിരവധി അനവധിയായ പ്രോഗ്രാമിങ് കോഡുകൾ മെഷീനിന് നൽകുകയും തുടർന്ന് അത് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതിലൂടെ മെഷീനിന് സ്വയം പ്രവർത്തിക്കാനുള്ള ശേഷി ഉടലെടുക്കുന്നതാണ് മെഷീൻ ലേർണിങ്ങിന്റെ സവിശേഷത. Java, C+, C++, Python തുടങ്ങിയ പ്രോഗ്രാമിങ് സോഫ്റ്റ്‌വെയറുകളും മെഷീൻ ലേർണിങ്ങിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാനുള്ള ശ്രമങ്ങളാണ് നടന്നുപോകുന്നത്.

നിർമ്മിത ബുദ്ധിയുടെ സ്വാധീനശേഷി പതിൻമടങ്ങുകളായി വർദ്ധിച്ചു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കാലഘട്ടത്തിൽ അതിവ്യാപകമായി രൂപപ്പെടുന്നതാണ് ഡിജിറ്റൽ അവബോധം. സൈബർ കുറ്റകൃത്യങ്ങളിൽ നിരവധി പേർ അകപ്പെടുന്നത് സ്ഥിരക്കാഴ്ചയായി മാറിയ ഈ ഘട്ടനയിൽ ഇത് ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു. സൈബറിടങ്ങളിലെ ചതിക്കുഴികൾ വിശാലമാവുകയും അത് കൂടുതൽ പേരെ കടന്നാക്രമിക്കുകയും ചെയ്യുന്നത് സ്ഥിരക്കാഴ്ചയാണ്. നിർമ്മിതബുദ്ധിയുടെ അതിപ്രസരണങ്ങൾ ഉണ്ടാക്കപ്പെടുന്ന ഈ സാമൂഹ്യസ്ഥിതിയിൽ ഹാക്കിങ്ങും, സൈബർ പ്രശ്നങ്ങളും ഇല്ലാതാക്കാനുള്ള cyber സുരക്ഷാ കേന്ദ്രങ്ങൾ അനിവാര്യമാകുന്നു.

പത്രമാധ്യമങ്ങളിൽ നൽകിയ വിവരമനുസരിച്ച് Ai chatbot-കൾ ഒരിക്കലും മികച്ച സുഹൃത്താകുന്നില്ല. chat Gpt-യോട് നടത്തിയ അഭിമുഖത്തിൽ പ്രധാനമായും പറയുന്നത് അവയുടെ തെറ്റായ ഉദ്ദേശശുദ്ധിയാണ്. Chat Gpt-യുടെ ഉൽപ്പാദകനായ സാം ഓൾട്ട്മാൻ പോലും ഇവയെ അന്ധമായി വിശ്വസിക്കരുതെന്ന് അഭിപ്രായപ്പെടുന്നു.

I.T. മന്ത്രാലയം ഈയടുത്ത് നേരിട്ട ഏറ്റവും വലിയ പ്രശ്നം എന്നത് 'Deepfake' എന്ന Ai നിർമ്മിത ചിത്രങ്ങളാണ്. യാഥാർത്ഥ്യവും മിഥ്യയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാതെ ജനങ്ങൾ വളരെ പരിഭ്രാന്തരാകുന്ന കാലഘട്ടത്തിൽ തിരുത്തും മാറ്റങ്ങൾ വരുത്തിയ ഒരു നിയമവ്യവസ്ഥ സ്ഥാപിക്കാൻ അവർ തീരുമാനമെടുക്കുന്നു. Ai നിർമ്മിതമായ എല്ലാ ചിത്രങ്ങളും കൃത്യമായ ലേബലിങ്ങോടുകൂടി മാത്രം രൂപപ്പെടണം. അല്ലാത്ത

അവസരങ്ങളിൽ അവർക്ക് നിരോധന ഉണ്ടാവാനുള്ള സാധ്യതയുണ്ട് എന്ന് നിയമനിർമ്മാണം തികച്ചും ആശ്വാസകരമാണ്. 10% സ്ഥലത്ത് ഉള്ള ലേബലിങ് വ്യക്തികളെ സത്യാവസ്ഥ തിരിച്ചറിയാൻ സഹായിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ ഭാഗമായ മാനവപരിപോഷണ സംഘടനയുടെ നിർമ്മിത ബുദ്ധി-2025-ന്റെ കണക്കനുസരിച്ച് 67.5% എന്ന ലോക ജനസംഖ്യയിൽ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നവരിൽ 31.2% പേരും നിർമ്മിത ബുദ്ധിയുടെ സ്വാധീനശക്തി ആസ്വദിക്കുന്നവരോ, അനുഭവിക്കുന്നവരോ ആണ്. ഘടനാപരമായ മാറ്റത്തിലൂടെ 2040-ഓടുകൂടി ഈ കണക്കുകൾ 80% പിന്നിടും. തുടർന്ന് Ai ബോട്ടുകളെ സഹപാഠികളായും അധ്യാപകരായും കണക്കാക്കുന്ന സാഹചര്യം ഉടലെടുക്കുകയും.. കൂട്ടുകാർക്ക് പകരം കൂടുതൽ സമയം ആശയവിനിമയം ചെയ്യുന്നതും മെസ്സേജുകൾ അയക്കുന്നതും നിർമ്മിത ബുദ്ധിയോടായിരിക്കും എന്ന സ്ഥിതിവിശേഷവും രൂപപ്പെടുന്നു. അസ്വാതന്ത്ര്യമായ വ്യക്തിവിവരണ ശോഷനമാണ് ഇതിലൂടെ പുറത്താക്കപ്പെടുന്നത്. 1.75 മില്യൺ വരുന്ന ഇൻസ്റ്റഗ്രാം ഉപയോക്താക്കളുടെ വ്യക്തിവിവരങ്ങൾ നവവർഷപുലരി ആഘോഷിക്കുമ്പോൾ പുറത്താക്കപ്പെട്ടു. മരണത്തിനും ജീവിതത്തിനും ഇടയിലുള്ള തൂക്കുപാലത്തിൽ കയറാതെ നേരിട്ട് മരണത്തിലേക്ക് പോകുന്ന സ്ഥിതിവിശേഷങ്ങൾ അനവധി.

സാംസ്കാരിക പ്രബുദ്ധതയുടെ കാലാന്തരത്തിൽ ജീവിതങ്ങൾ ഓൺലൈൻ മീഡിയകൾക്കും, നവമാധ്യമ ഉപാധികൾക്കും ഒഴിഞ്ഞ് വയ്ക്കുന്നത് ലജ്ജാകരമാകുന്നു. ചൈനയിലും, കൊറിയയിലും നടക്കുന്ന റോബോർട്ടിക് മത്സരങ്ങൾ വളരെ സമാധാനത്തോടെ സന്തോഷിച്ച് കൊണ്ട് കണ്ടുകൊണ്ടിരിക്കുന്ന ഈ വേളയിൽ അവയോരോന്നും ചിലപ്പോൾ കൈവിട്ട് പോകുന്നതും മനുഷ്യന് അപകടമുണ്ടാക്കുന്നതും, അത്ര സുഖകരമായി കാണാൻ കഴിയുന്നതല്ല.

ഫിഷിംഗ്, ഹാക്കിങ് എന്നിവ നിർമ്മിത ബുദ്ധിയുടെ പോരായ്മയായി നിലകൊള്ളുന്നു. മനുഷ്യൻ മനുഷ്യനെ തന്നെ വഞ്ചിക്കാൻ ശ്രമിക്കാനുള്ള തിനുള്ള ഉദാഹരണങ്ങളാണിവ. മനുഷ്യജീനിന്റെ അസാമാന്യതയിൽ ചിലപ്പോൾ വഞ്ചിക്കാനുള്ള ജീനും അടങ്ങിയിട്ടുണ്ടോ?, ചോദ്യം ശാസ്ത്രജ്ഞരോടാകുന്നു. *എത്ര നേടിയാലും മതിവരാത്ത ഏകമൃഗമായി മനുഷ്യൻ* മാറുന്നതിന്റെ പ്രകടമാണ് ഇവ. വ്യാജ ലിങ്കുകളും, വ്യാജമായ ജോലിവാഗ്ദാനങ്ങളും നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിച്ച് മനുഷ്യനെ തന്നെ മനുഷ്യൻ വഞ്ചിക്കുകയാണ്.

ആധുനിക നിർമ്മിത ബുദ്ധി യുഗത്തിൽ എത്തിക്കൽ ഹാക്കിങ്, ഫോറൻസിക് ഐ.ടി. വിദഗ്ദൻ, ഡിജിറ്റൽ എക്സ്പേർട്ട് തുടങ്ങി അനേകം ജോലി സാധ്യതകൾ ഉടലെടുക്കുന്നു. ഐ.ടി. മേഖലകളിലെ സുരക്ഷാ വീഴ്ച അറിഞ്ഞാലുടൻ അത് ശരിയാക്കുന്ന എത്തിക്കൽ ഹാക്കർ, AI ചതിക്കുഴിൽ അകപ്പെട്ടവർക്ക് കൈത്താങ്ങാകുന്ന

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഫോറൻസിക് ഐ.ടി വിദഗ്ദൻ തുടങ്ങിയ മേഖലകൾ ഇന്നത്തെ യുവാക്കൾക്ക് പുതിയ ജോലി സാധ്യതകൾ തുറന്നുവയ്ക്കുന്നു.

ക്രിസ്റ്റഫർ നോളന്റെ 'ഇന്റർസ്റ്റെല്ലാർ' എന്ന സിനിമയിൽ കാലത്തിന്റെ കാർമ്മികമായ അവസ്ഥാന്തരങ്ങൾക്കൊപ്പം 'LLARS' എന്ന Ai സഹായിയെയും നാം കണ്ടു. നായകന്റെയും സംഘത്തിന്റെയും അന്യദേശസങ്കല്പനയാത്രയിൽ അവർക്ക് കൈത്താങ്ങായി 'LLARS' നിലകൊള്ളുന്നു. ഇന്നും തുടങ്ങി തെലുങ്കാനയിൽ പൂർണ്ണമായി Ai ഉപയോഗിച്ച് ചിത്രീകരിച്ച സിനിമ, ആദ്യ Ai കേരള സിനിമ പോലെ, അനവധി നിരവധി സാഹചര്യങ്ങൾ നിർമ്മിതബുദ്ധി നൽകിവരുന്നു. 'നരബലി' എന്ന മലയാളം ചെറുകഥയിൽ സ്വന്തം ശരീരത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളെയും അതിജീവനബുദ്ധിയെയും, ചർച്ച ചെയ്യപ്പെടുന്ന റോബോട്ടുകൾ രൂപപ്പെടുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നാൽ നിർമ്മിക്കപ്പെട്ട ബുദ്ധി, നിർവചനം ചെയ്യപ്പെട്ട ബുദ്ധി എന്ന് അർത്ഥവത്താക്കുന്ന കാഴ്ചകളാണിവ.

ഇന്ത്യൻ നാവികരുടെയും, നേതാക്കളുടെയും, സൈനികരുടെയും, ഉന്നതമായ സ്ഥാനമാനങ്ങളിലിരിക്കുന്നവരുടെയും വ്യക്തിവിവരങ്ങൾ ചോർത്താൻ ഇസ്രായേൽ ആവിഷ്കരിച്ച 'പെഗാസസ്' പോലുള്ള സാമൂഹ്യമാധ്യമ Ai bot-കൾക്ക് മനുഷ്യന്റെ മൗലികകടമകളിലേക്കും, മൗലിക അവകാശങ്ങളിലേക്കും ഉള്ള കൈകടത്തലായി മാറപ്പെട്ടു. ഈയടുത്ത് 'സഞ്ചാർ സാഥി ആപ്പ്' എല്ലാ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

സാമൂഹികമാധ്യമങ്ങളിലും മുൻപേ ഇൻസ്റ്റാൾ ചെയ്ത് വയ്ക്കാനാവുന്ന അജണ്ട വ്യക്തമായ സാമൂഹികശക്തികളുടെ പ്രതിഷേധത്തോടെ വേണ്ടെന്നുവച്ചു. ജനങ്ങളുടെ വ്യക്തിവിവര സംരക്ഷകൻ എന്ന വ്യാജേന ഉണ്ടായ ഇത്തരം കണ്ടുപിടിത്തങ്ങൾ സ്വാതന്ത്ര്യത്തിനുള്ള കൂച്ചുവിലങ്ങായി മാറപ്പെട്ടു. 'Dark web' കളിലൂടെ സാധാരണക്കാരെയും, യുവാക്കളെയും ലക്ഷ്യം വച്ച് കൊണ്ട് നടക്കുന്ന Ai ശൃംഖലകളിൽ അതിനിതാന്തമായ ഒരു കാഴ്ചപ്പാട് രൂപീകരിക്കപ്പെട്ടിരിക്കുന്നു.

സൗദി അറേബ്യയിൽ 'സോഫിയ' എന്ന അവിടത്തെ പ്രധാനപ്പെട്ട അഭിനേത്രിയുടെ മുഖച്ഛായയുള്ള റോബോർട്ടിന്റെ രൂപീകരണത്തോടെ റോബോർട്ടിക് രൂപീകരണത്തിന്റെ ആരംഭകാലമായിരുന്നു. ഇന്ത്യയുടെ സ്വപ്നപദ്ധതിയായ ഗഗൻയാനിൽ ആദ്യത്തെ പറക്കലുകളിൽ പറക്കാൻ പോകുന്ന 'വ്യോമമിത്ര' എന്ന റോബോർട്ടും, ആദ്യ Ai അധ്യാപികയായ ബിയാട്രിസും ഈ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ടെത്തലുകളായി മാറപ്പെട്ടു. കേരള നിയമസഭയിൽ മന്ത്രിയായ പി. രാജീവിന്റെ പേർസണൽ സെക്രട്ടറി ഒരു Ai റോബോർട്ടാണ് എന്നതും, ലോകരാജ്യങ്ങളിൽ ഒന്നിൽ ആദ്യമായി മന്ത്രിയായി ഒരു റോബോർട്ടിനെ വച്ചു എന്നത് കൗതുകത്തോടെയും അൽഭുതത്തോടെയും നോക്കി കാണാവുന്ന കാര്യങ്ങളാണ്.

"As soon as possible" എന്നതിനെ "As slowly as possible" എന്ന് 'Possible' എന്ന ഒരൊറ്റ പദത്തിനെ ആസ്പദമാക്കി

പറയുന്നത് ആർട്ടിഫിഷ്യൽ സാങ്കേതികവിദ്യയുടെ കരുത്തിലൂടെ നമുക്ക് രൂപപ്പെടുത്താൻ സാധിക്കുന്നു. ഇത്തരത്തിലുള്ള സാംസ്കാരികശ്രുതികളിലൂടെ രൂപം പ്രാപിച്ച Ai chatbot-കൾക്ക് ഉള്ള വിപണന സാങ്കേതികത്വം വളരെ കൂടുതലാണ് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ചൈനയിൽ നടപ്പിലാക്കിയ Ai/Robotic ഒളിമ്പിക്സും, ബ്രിട്ടനിലെ ബർലിനിൽ വച്ച് നടന്ന ലോകത്തെ ആദ്യ Ai സമ്മേളനവും ലോകം വളരെ അദ്ഭുതാകാംഷയോടെ കണ്ട കാര്യങ്ങളാണ്. മനുഷ്യർക്ക് എതിരെ റോബോർട്ടുകൾ മത്സരത്തിനിറങ്ങുകയും ലോകപ്രശസ്തി നേടുകയും ചെയ്തു. മറുവശത്ത് ബർലിനിൽ നടന്ന സമ്മേളനം ചൂടുള്ള വാഗ്ദാനങ്ങളാൽ നിറഞ്ഞുനിന്നു. Ai നടത്തുന്ന അഭിലഷണീയമായ ആക്രമണങ്ങളും, യുദ്ധങ്ങളിൽ Ai റോബോർട്ടുകളുടെ കടന്നുവരവോടെ രൂപപ്പെടാവുന്ന അസ്ഥിരാവസ്ഥ എന്നിവ ചർച്ചചെയ്ത്, മനുഷ്യന് ഉപകാരപ്പെടുന്ന രീതിയിലുള്ള Ai ഉപയോഗത്തിലേക്കുള്ള പരിമിതികരണത്തിലേക്ക് നയിക്കാനുള്ള 119 പേജുകളടങ്ങിയ പ്രബന്ധത്തിന് ശേഷമാണ് സഭ പിരിഞ്ഞത്:

"കൊമ്പും കോമ്പല്ലും കൊണ്ട് നിന്റെ മാറ്-
തുരന്ന് വരുന്ന ഞങ്ങൾക്ക്, അല്ലയോ ദേവി
നിന്റെ ഹൃദയത്തിലെത്താതിരിക്കാൻ കഴിയട്ടെ"

പഴയകാല പത്ര-മാധ്യമങ്ങളിൽ അച്ചടിച്ചിറക്കിയ ഈ വാക്യങ്ങൾ

ഇന്നത്തെ സാഹചര്യത്തിൽ അതീവ പ്രധാനമായ ചോദ്യമായി നിലകൊള്ളുന്നു.

ആധുനിക മനുഷ്യന്റെ കേന്ദ്രസവിശേഷതകളിലൊന്നാണ് 'നവീനമസ്തിഷ്കത്തിന്റെ രൂപീകരണം. നാം എന്തെങ്കിലും പുതിയത് വായിക്കുമ്പോഴോ, പഠിക്കുമ്പോഴോ ഉള്ള മസ്തിഷ്കവളർച്ചയാണ് ഇത് സൂചിപ്പിക്കുന്നത്. വൃക്കയിൽ നെഫ്രോണുകളുള്ളതുപോലെ മസ്തിഷ്കത്തിൽ ന്യൂറോണുകൾ കാണപ്പെടുന്നു. ഇത് മനുഷ്യന്റെ നിയോകോർട്ടക്സിന്റെ ഉദാത്തമായ വളർച്ചയ്ക്ക് സഹായിക്കുന്നു. ഇത്തരത്തിലുള്ള നവീനമസ്തിഷ്കത്തിന്റെ രൂപപ്പെടലിലൂടെയാണ് പുതിയ ആശയങ്ങളും സിദ്ധാന്തങ്ങളും രൂപപ്പെട്ടത് എന്ന് പ്രശസ്തരായ ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ രൂപപ്പെടലിന് ഉണ്ടായ കാര്യം നവീനമസ്തിഷ്കം തന്നെയാണ് എന്നാണ് പ്രശസ്ത സ്പാനിഷ് മാധ്യമങ്ങൾ അഭിപ്രായപ്പെടുന്നത്.

ആധുനിക സാങ്കേതികതയിൽ നിർമ്മിതബുദ്ധി അതിപ്രധാനമായ സ്ഥാനം കൈവരിക്കുന്നു. Xai-യുടെ ഗ്രോക്കും, ചൈനയുടെ ബെയ്ഡ്യൂ, ഗൂഗിളിന്റെ Gemini-യും, ഡീപ് സീക്കും ആകമാനം നമ്മുടെ ലോകത്തെ കൈയടക്കിയിരിക്കുന്നു. ഹോംവർക്കുകൾ മുതൽ ബിസിനസ്സ് സ്ട്രാറ്റജികൾ വരെ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. അവയിൽ നിന്നെല്ലാം ഉള്ള Deep fake ചിത്രങ്ങൾ നാം അറിയാതെ തന്നെ നമ്മളിൽ പ്രതിസന്ധി രൂപീകരണം നടത്തുന്നു.

അലക്സ് പോലുള്ള വാണിജ്യ സഹായികൾ വായന-
യെ നമ്മളിൽ നിന്ന് അകറ്റുന്നു. ബൊക്കാച്ചിയോയുടെ
ഡെക്കാമറൺ കഥകളിൽ പറഞ്ഞതുപോലെ

"എന്നെ വായിക്കണോ? എന്ന് പറഞ്ഞ്
ഒരു പുസ്തകങ്ങളും ആരുടെ-
പിന്നാലെയും പോകുന്നില്ല"

-ബൊക്കാച്ചിയോ-

ഈ വാക്യങ്ങളിലെ അന്വർത്ഥമാകൽ രൂപപ്പെടുകയാണ് വായന നശിക്കുകയും ഡിജിറ്റൽ അടിമത്തത്തിലേക്ക് ആംതാഴ്ത്തപ്പെടുകയുമാണ് ഇന്നത്തെ യുവത. സ്വയം ആവിഷ്കാരശേഷി നഷ്ടപ്പെട്ട് അവയൊക്കെ നിർമ്മിത ബുദ്ധിക്ക് തീറെഴുതികൊടുക്കുകയാണ് ലോകം. മനുഷ്യന്റെ കേന്ദ്രശേഷിയായ സർഗ്ഗവാസന, ഭാവ, നൈസർഗികത എന്നിവ പോലും നഷ്ടപ്പെട്ടുപോകുന്നു.

'1930' എന്ന നമ്പർ നമ്മുടെ ജീവിതത്തിൽ അതീവ പ്രധാന്യമാണുള്ളത്. ഡിജിറ്റൽ വഴികളിലൂടെ കബളിപ്പിക്കപ്പെട്ടാൽ സൈബർ സെല്ലിനെ വിളിച്ചറിയിക്കേണ്ടുന്ന നമ്പറാണ്. ഇത്തരത്തിലുള്ള പുത്തൻ രീതികളിലൂടെ എല്ലാ സങ്കുചിത താൽപ്പര്യങ്ങളെയും കഷ്യകിക്കളയേണ്ടുന്ന കാലമായിരിക്കുന്നു. വിർച്ച്വൽ അറസ്റ്റുകളോടും, ഡിജിറ്റൽ ഹാക്കിങ്ങുകളോടും പൊരുതി നിലനിൽക്കില്ല.

ചക്രവാളത്തോളമുള്ള സ്വപ്നമുണ്ട് നമുക്ക്. സ്വപ്നം കാണാ-നുള്ള കഴിവ് മാത്രമല്ല, അസാമാന്യമായ കർമ്മശേഷിയും, നിസ്തുലമായ

പ്രതിജ്ഞാബദ്ധതയും, ഉജ്ജ്വലമായ മാനവവിഭവശേഷിയുമാൽ സമ്പന്നമാണ് നാം. എന്നാൽ എത്രവരെയെന്ന് പറയാൻ കഴിയില്ല, നിർമ്മിത ബുദ്ധിയുടെ സംഹാരതാണ്ഡവങ്ങൾ നമ്മളെ തകർത്തുകളഞ്ഞേക്കാം,... നിർമ്മിതബുദ്ധിയുടെ സർഗ്ഗാത്മകത നമ്മളെ ശൂന്യമാക്കിയേക്കാം. എന്നാൽ സ്വാഭാവികമായ വ്യക്തി പ്രഭാവത്തിലൂടെയും, കാഴ്ചപ്പാടുകളിലൂടെയും എല്ലാത്തിനെയും കൂടെ നിർത്തി ആവശ്യമായതുമാത്രം നാം ഉപയോഗപ്പെടുത്തും എന്ന് പ്രത്യാശിക്കാം.

"പ്രത്യാശ ഒരു വഴിപോലെയാണ്
മനുഷ്യൻ നടക്കുമ്പോഴുണ്ടാകുന്ന വഴിപോലെ"
- ലീൻ യുതാങ് -